വ്യക്തമാക്കാമോ; ജോയിൻ ചെയ്തതിനുശേഷം ഇവരിൽ ആർക്കെങ്കിലും വീണ്ടും സ്ഥലം മാറ്റം നൽകുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്ക്, എങ്ങോട്ടാണ് സ്ഥലം മാറ്റം നൽകിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ഇത്തരം സ്ഥലം മാറ്റം നൽകുന്നത് നിയമവിരുദ്ധമല്ലേ;

(ഇ) ജില്ലയിൽ ഇപ്പോൾ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികകൾ അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഓരോ ആശുപത്രിയിലെയും കിടക്കകളുടെ എണ്ണം, ഒ.പി., ഐ.പി. എന്നിവ കണക്കിലെടുത്ത് അതിന് ആനുപാതികമായാണ് ലാബ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്നത്. പത്തനംതിട്ട ജില്ലയിൽ നിലവിൽ ജില്ല ജനറൽ, താലൂക്ക്, സാമൂഹികാരോഗ്യ കേന്ദ്രം എന്നീ സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 ന്റെ തസ്തികയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) ഒൻപത് പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്.

(സി&ഡി) ആർക്കും സ്ഥലംമാറ്റം ലഭിച്ചിട്ടില്ല.

(ഇ) സംസ്ഥാനത്തൊട്ടാകെയുള്ള ആശുപത്രികളിൽ 667 ലാബ് ടെക്നീഷ്യന്മാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ആർ.സി.സി.-യിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്നതിനുള്ള നടപടി

19(716) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.-യിലെ നിയമനം പി.എസ്.സി. -ക്ക് വിടുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ആർ.സി.സി.-യിലെ രോഗികളുടെ ചികിത്സേതര ആവശ്യങ്ങൾക്ക് സഹായകമാകുവാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) ആർ.സി.സി.-യിൽ സ്തനാർബുദം, ശസ്ത്രക്രിയ എന്നീ വിഭാഗങ്ങളുടെ ഒ.പി. പ്രവർത്തിക്കുന്ന ഭാഗത്ത് രോഗികൾക്ക് തിങ്ങി നിറഞ്ഞു നിൽക്കേണ്ട അവസ്ഥയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇക്കാര്യം വിശദമായ പരിശോധനയ്ക്ക് ശേഷമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

(ബി) വാർഡിൽ പ്രവേശിപ്പിച്ചിരിക്കുന്ന ഇരുന്നൂറിൽപ്പരം നിർദ്ധനരായ രോഗികൾക്ക് പൊതുജനങ്ങളിൽനിന്നുള്ള സംഭാവനകളുടെ സഹായത്തോടെ നിത്യേന സൗജന്യ ഭക്ഷണം നൽകിവരുന്നു. രോഗികൾക്കും കൂട്ടിരിപ്പിനുള്ള ഒരാളിനും വീട്ടിൽനിന്നും വരുന്നതിനും തിരിച്ച് പോകുന്നതിനുമുള്ള റെയിൽവേ കൺസഷൻ പാസ് നൽകുന്നു. കുട്ടികളുടെ വിഭാഗത്തിൽ ചികിത്സയിലിരിക്കുന്ന രോഗികൾക്ക് ദീർഘകാലം ചികിത്സ ആവശ്യമുണ്ടെങ്കിൽ ആശുപത്രിക്ക് പുറത്ത് താമസിക്കുന്നതിനായി ഏകദേശം 20 കുട്ടികൾക്കും അവരുടെ രക്ഷകർത്താക്കൾക്കും 'ഹോം എവേ ഫ്രം ഹോം' എന്ന ഒരു പദ്ധതിവഴി താമസസൗകര്യം ഒരുക്കിയിട്ടുണ്ട്.

(സി) ഒ.പി. വിഭാഗങ്ങൾക്കായി ആർ.സി.സി.-യിൽ നിർമ്മാണം പൂർത്തിയായി വരുന്ന പുതുതായി കെട്ടിടത്തിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് ഇപ്പോൾ ഒ.പി. വിഭാഗത്തിൽ അനുഭവിച്ചുവരുന്ന സ്ഥലപരിമിതിക്ക് പരിഹാരമാവുമെന്ന് പ്രതീക്ഷിക്കുന്നു.

സിദ്ധ വൈദ്യശാല

20(717) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിലാണ് സിദ്ധ വൈദ്യശാലയുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തങ്കട നിയോജക മണ്ഡലത്തിലെ അങ്ങാടിപ്പുറം, കുറ്റൂർ, കൂട്ടിലങ്ങാടി, പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തുകളിൽ സിദ്ധ വൈദ്യശാല അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ ഏഴാകുളം പഞ്ചായത്തിൽ ഗവൺമെന്റ് സിദ്ധ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) തങ്കട നിയോജക മണ്ഡലത്തിലെ അങ്ങാടിപ്പുറം, കുറ്റൂർ, കൂട്ടിലങ്ങാടി, പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തുകളിൽ സിദ്ധ വൈദ്യശാല ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly